# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 7848** **16.07.2014 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സൗരോർജ്ജത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (Grid Interactive Distributed Solar Energy Systems) Regulations 2014 പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി വിതരണ ലൈസൻസികൾ എന്നിവർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ചട്ടങ്ങൾവഴി ലഭ്യമാകുന്നത്; വിശദാംശങ്ങൾ നൽകുമോ;<br><br>(സി) പ്രസ്തുത ചട്ടങ്ങൾ പ്രകാരം ഉപഭോക്താക്കൾക്ക് എവിടെയൊക്കെയാണ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ അനുവാദമുള്ളത്; വിശദമാക്കുമോ; | (ബി) യും (സി) യും<br>ഉപഭോക്താവിന് അവരുടെ പുരയിടങ്ങളിലോ കെട്ടിടത്തിന്റെ മേൽക്കൂരയിലോ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താവുന്നതാണ്. ഇപ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കുറയ്ക്കാവുന്നതാണ്. ഉപഭോക്താക്കൾക്ക് നിലവിലുള്ള സൗരോർജ്ജ പാനലുകളിൽ ഉപയോഗിക്കുന്ന ബാറ്ററിയും അതിനുവേണ്ടി വരുന്ന ചെലവും പൂർണ്ണമായും ഒഴിവാക്കുന്നതോടൊപ്പം സൗരോർജ്ജ പദ്ധതിയുടെ കീഴിൽ വൈദ്യുതിയുടെ വില ഗണ്യമായി കുറയുമെന്നും പ്രതീക്ഷിക്കുന്നു. ഇപ്രകാരം ഉപഭോക്താവ് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി, ഉപഭോക്താവിന്റെ തന്നെ മറ്റു കെട്ടിടങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള സൗകര്യവും ഈ ചട്ടങ്ങൾ |

നൽകുന്നുണ്ട്. വൈദ്യുതി ബോർഡ് ലിമിറ്റഡിനും, വൈദ്യുതി വിതരണ ലൈസൻസികൾക്കും വിലകൂടിയ വൈദ്യുതി വാങ്ങുന്നതു മൂലമുള്ള സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനും പ്രസരണവിതരണ നഷ്ടം കുറയ്ക്കുന്നതിനും സഹായിക്കുന്നു. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം, വൈദ്യുതി ബോർഡ് ലിമിറ്റഡ്, അതിന്റെ ഉപഭോഗത്തിന്റെ 0.25% സൗരോർജ്ജ വൈദ്യുതി വാങ്ങണമെന്ന് നിബന്ധനയുണ്ട്. ഉപഭോക്താവ് സൗരോർജ്ജ പാനൽ ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി മേൽ സൂചിപ്പിച്ച 0.25% ക്വാട്ട കണക്കാക്കുന്നതിന് വകയിരുത്തുന്നതുമൂലവും ബോർഡിന് ലാഭമുണ്ടാകും.

(ഡി) സൗരോർജ്ജ ഉൽപ്പാദകർക്ക് സ്വന്തം ഉപയോഗം കഴിഞ്ഞ് ബാക്കിവരുന്ന വൈദ്യുതിവിതരണ ശൃംഖലയിലേക്ക് നൽകാൻ എന്തെല്ലാം സൗകര്യങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) സൗരോർജ്ജ ഉല്പാദകർക്ക് സ്വന്തം ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി ലൈസൻസിയുടെ വിതരണ ശൃംഖലയ്ക്ക് നൽകി ബാങ്കു ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു ബില്ലിംഗ് പീരിഡിൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലേക്ക് ഉപഭോക്താവ് കടത്തിവിടുന്ന സൗരോർജ്ജ വൈദ്യുതി അവരുടെ സ്വന്തം ഉപഭോഗത്തെക്കാൾ കൂടുതലാണെങ്കിൽ, കൂടുതൽ ഉള്ള വൈദ്യുതി അടുത്ത ബില്ലിംഗ് പീരിഡിൽ ഉപയോഗിക്കത്തക്കവിധം ബാങ്ക് ചെയ്യാവുന്നതാണ്. ഇതിനായി ബാങ്കിംഗ് ഫീ വാങ്ങുന്നതല്ല. ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള മറ്റു കണക്ഷനുകൾക്കും ബാങ്കു ചെയ്തു ഈ അധിക വൈദ്യുതി ഉപയോഗിക്കാവുന്നതാണ്. ഒക്ടോബർ 1 മുതൽ അടുത്ത സെപ്റ്റംബർ 30 വരെയുള്ള സെറ്റിൽമെന്റ് പീരിഡിൽ ഉപഭോക്താവിന്റെ ഉപയോഗം കഴിഞ്ഞ് മിച്ചമുള്ള വൈദ്യുതിയ്ക്ക്, അതാതു വർഷങ്ങളിൽ കമ്മീഷൻ നിശ്ചയിക്കുന്ന ശരാശരി വൈദ്യുതി വാങ്ങൽ നിരക്കിൽ വില നൽകണമെന്ന് നിബന്ധനയുണ്ട്.

സെക്ഷൻ ഓഫീസർ